പുതിയത്

# പതിനഞ്ചാം കേരള നിയമസഭ

## ഒമ്പതാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 332** **08.08.2023 – ൽ മറുപടിക്ക്.**

## ഇ-പോസ് മെഷീൻ

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ. അൻവർ സാദത്ത് :** | | **ശ്രീ. ജി.ആർ.അനിൽ (ഭക്ഷ്യ പൊതുവിതരണ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് ഇ-പോസ് മെഷീൻ സ്ഥാപിച്ചത് ഏത് സ്ഥാപനമാണ് എന്ന് വ്യക്തമാക്കാമോ; | (എ) | Linkwell Telesystems Pvt. Ltd |
| (ബി) | പ്രസ്തുത സ്ഥാപനത്തിന് ടെൻഡർ നടപടികളിലൂടെയാണോ കരാർ നൽകിയത്; വ്യക്തമാക്കാമോ; | (ബി) | അതെ. സർക്കാരിന്റെ ഇ-ടെണ്ടർ സൈറ്റ് മുഖേന ടെണ്ടർ ക്ഷണിച്ചാണ് കരാർ നൽകിയിട്ടുള്ളത്. |
| (സി) | സംസ്ഥാനത്ത് ഇ-പോസ് മെഷീൻ സ്ഥാപിച്ചതിന്റെ കരാർ രേഖകളുടെ പകർപ്പുകൾ ലഭ്യമാക്കാമോ; | (സി) | പകർപ്പുകൾ **അനുബന്ധമായി** ചേർക്കുന്നു. |
| (ഡി) | ഇ-പോസ് മെഷീൻ സ്ഥാപിച്ചതുമായി ബന്ധപ്പെട്ട് എന്തൊക്കെ പ്രവൃത്തികളിലാണ് സംസ്ഥാന സർക്കാർ ടെൻഡർ വിളിച്ചിരുന്നത് എന്ന് വ്യക്തമാക്കാമോ; | (ഡി) | Supply ARD automation, transformation and Deployment of epos devices in Kerala എന്നീ പ്രവൃത്തികളിലാണ് ടെണ്ടർ വിളിച്ചത്. |
| (ഇ) | ഈ ടെൻഡറുകളിൽ ഏതൊക്കെ സ്ഥാപനങ്ങൾ പങ്കെടുത്തു എന്നും ഓരോ സ്ഥാപനവും ക്വാട്ട് ചെയ്ത തുക എത്രയായിരുന്നു എന്നും വ്യക്തമാക്കാമോ; | (ഇ) | 1. Karvy Data Management Services Ltd Hyderabad-500034.<br>2. ITI Ltd, Kanjikode, Palakkad – 678623.<br>3. Oasys Cybernetics Pvt. Ltd, Greams Road, Chennai – 600006.<br>4. M/s Linkwell Tele systems Pvt. Ltd, Hyderabad<br>5. Integra Micro Systems Pvt. Ltd, Bellary Road, Karnataka<br><br>എന്നീ കമ്പനികൾ ടെണ്ടറിൽ പങ്കെടുക്കുകയും ടെക്നിക്കലി ക്വാളിഫൈഡ് അല്ലാത്ത Oasys Cybernetics, Integra Micro Systems എന്നിവയെ തുടർനടപടികളിൽ നിന്ന് ഒഴിവാക്കിയതിനു ശേഷം ബാക്കിയുള്ള 3 കമ്പനികൾ ക്വാട്ട് ചെയ്ത തുക ചുവടെ ചേർക്കുന്നു. |

| No | Bidder Name | Amount |
|---|---|---|
| 1. | M/s Linkwell Tele systems Pvt. Ltd, Hyderabad | 51,16,78,000.00 |
| 2. | Karvy Data Management Services Ltd Hyderabad | 105,30,26,179.00 |
| 3. | ITI Ltd, Kanjikode, Palakkad | 133,93,95,906.00 |

**(എഫ്)** ഇ-പോസ് മെഷീൻ സ്ഥാപിച്ചതുമായും അവയുടെ പ്രവർത്തനവുമായും ബന്ധപ്പെട്ട് കേന്ദ്ര സർക്കാർ സ്ഥാപനമായ എൻ.ഐ.സി. എന്തൊക്കെ ജോലികളാണ് ചെയ്യുന്നത് എന്നും സംസ്ഥാന സർക്കാർ എന്തൊക്കെ ജോലികളാണ് ചെയ്യുന്നത് എന്നും വിശദമാക്കാമോ?

**(എഫ്)** ഇ-പോസ് വഴിയുള്ള ബയോമെട്രിക് ഓതന്റിക്കേഷൻ മുഖേനയുള്ള റേഷൻവിതരണം സാധ്യമാക്കുന്നത് കേന്ദ്രസർക്കാർ സ്ഥാപനമായ എൻ.ഐ.സി വികസിപ്പിച്ചെടുത്ത AePDS, SCMS-എന്നീ സോഫ്റ്റ് വെയർ മുഖേനയാണ്. ടി സോഫ്റ്റ് വെയറിലൂടെ റേഷൻകട വഴിയുള്ള റേഷൻ സാധനങ്ങളുടെ അലോട്ട്മെന്റും വിതരണവും തത്സമയം മനസ്സിലാക്കുന്നതിനും നിരീക്ഷിക്കുന്നതിനും സാധിക്കുന്നു. ടി സോഫ്റ്റ് വെയറിൽ ഏതെങ്കിലും തരത്തിലുള്ള പരിഷ്ക്കരണം ആവശ്യമാണെന്ന് വകുപ്പ് നിർദ്ദേശിക്കുന്ന പക്ഷം ആവശ്യമായ മാറ്റങ്ങൾ സോഫ്റ്റ് വെയറിൽ നടപ്പാക്കുന്നതും എൻ.ഐ.സിയാണ്. ഇ-പോസ് മെഷീൻ വഴി റേഷൻവിതരണം കൃത്യമായും തടസ്സരഹിതമായും നടപ്പിലാകുന്നുണ്ടോ യെന്ന് സംസ്ഥാന പൊതുവിതരണ വകുപ്പ് നിരീക്ഷിച്ച തുടർനടപടികൾ കൈക്കൊള്ളുന്നു. ബയോമെട്രിക് സംവിധാനത്തിൽ എന്തെങ്കിലും തകരാർ കണ്ടെത്തുന്ന പക്ഷം വകുപ്പിലെ ഐ.ടി സെൽ ഉദ്യോഗസ്ഥരും ഇ-പോസ് മെഷീന്റെ പ്രവർത്തനത്തിന് സാങ്കേതിക സഹായം നൽകുന്ന എൻ.ഐ.സിയുമായി കൂടിയാലോചന നടത്തി തകരാർ അടിയന്തരമായി പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

**സെക്ഷൻ ഓഫീസർ**